"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- ഇടുക്കി ജില്ലയിലെ രാമക്കൽമേട് എസ്.എച്ച്. ഹൈസ്കൂളിലെ ശ്രീമതി. സിനി കെ ജോസഫിന്റെ നിയമനാംഗീകാരത്തിനായി കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2340/2023/GEDN തീയതി,തിരുവനന്തപുരം, 05-04-2023

---

പരാമർശം:-
1. കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 19/11/2022 തീയതി വെച്ച റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03-02-2023 തീയതിയിലെ DGE/17467/2022-EC2 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ രാമക്കൽമേട് എസ്.എച്ച്. ഹൈസ്കൂളിലെ ശ്രീമതി. സിനി കെ ജോസഫിന്റെ നിയമനാംഗീകാരത്തിനായി കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ശ്രീമതി. സിനി കെ ജോസഫിന്റെ 06.06.2019 മുതൽ രാമക്കൽമേട് എസ്.എച്ച് ഹൈസ്കൂളിൽ എൽ.ജി (എഫ്.റ്റി) ഹിന്ദി തസ്തികയിൽ തുടർച്ചയായുള്ള നിയമനം അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. കാഞ്ഞിരപ്പള്ളി രൂപത വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജർ, എസ്.എച്ച്.എച്ച്.എസ് രാമക്കൽമേട്ടിലെ എൽ.ജി (ഹിന്ദി) ഫുൾ ടൈം അധ്യാപികയായിരുന്ന

ശ്രീമതി. നീത സെബാസ്റ്റ്യനെ **06.06.2019** തീയതി പ്രാബല്യത്തിൽ സി.ആർ.എച്ച്.എസ് വലിയതോവളയിലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീമതി.സിനി കെ ജോസഫിനെ നിയമിച്ചിരുന്നു. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ആഫീസർ ഈ നിയമനം അംഗീകരിച്ചില്ല. ഇതിനെതിരെ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു. 'ഒഴിവിന്റെ ഉറവിടം പരിശോധിക്കുമ്പോൾ സി.ആർ.എച്ച് എസ് വലിയ തോവാളയിലെ എൽ.ജി (ഹിന്ദി) ഫുൾടൈം അധ്യാപികയായിരുന്ന ശ്രീമതി. തൂലിക തങ്കച്ചനെ **06.06.2019** തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി എച്ച്. എസ്. ടി(ഹിന്ദി) അധ്യാപികയായി എസ്.എ. എച്ച്.എസ് വണ്ടൻമേടിൽ നിയമിച്ചു. എസ്.എ.എച്ച്.എസ് വണ്ടൻമേട്ടിലെ ഹെസ്ക്കൂൾ വിഭാഗം പുതിയതായി അപ്ഗ്രേഡ് ഗണത്തിൽ വരുന്ന സ്കൂളാണ്. സ്ഥലംമാറ്റിയത് പുതുതായി ഉയർത്തപ്പെട്ട സ്കൂളിൽ ആയതിനാൽ എസ്.എച്ച്. എച്ച്.എസ് രാമക്കൽമേടിൽ മാനേജർ സംരക്ഷിതാധ്യാപകനെ നിയമിക്കുവാൻ ബാധ്യസ്ഥനാണ്. ആയത് പാലിച്ചിട്ടില്ല, ശ്രീമതി.നീത സെബാസ്റ്റ്യൻ ശമ്പളം വാങ്ങുന്നു എന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല, ആയതിനാൽ ഒഴിവ് സ്ഥിരീകരിച്ചിട്ടില്ല.

**5.** വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ച റിവിഷൻ അപ്പിൽ താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചു.

"**06.06.2019** മുതലുള്ള നിയമനമാണ്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട **WP(C) 19808/21** ന്റെ **10/08/2022** ലെ ബഹു.ഹൈക്കോടതി വിധിന്യായ പ്രകാരം **18.11.2018** ലെ സർക്കാർ ഉത്തരവ് നമ്പർ (പി) നം. **18/2018**/എസ്. ജെ.ഡി ഉത്തരവ് തീയതിക്ക് ശേഷം ഉള്ള നിയമനം ബാക്കലോഗ് കണക്കാക്കി ഭിന്നശേഷി സംവരണം പാലിച്ചു നിയമനം നടത്തിയതിനുശേഷം മാത്രമേ പരിഗണിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**6.** ഈ ഉത്തരവിനെതിരെ മാനേജർ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **24.01.2023** ലെ റിപ്പോർട്ട് പരിശോധിച്ചു. എസ്.എച്ച് ഹൈസ്കൂൾ രാമക്കൽമേട്ടിലെ എൽ.ജി(ഹിന്ദി) ഫുൾ ടൈം അധ്യാപികയായിരുന്ന ശ്രീമതി നീത സെബാസ്റ്റ്യനെ **6/6/2019** ൽ സി.ആർ ഹൈസ്കൂൾ വലിയതോവാളയിലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീമതി. സിനി കെ.ജോസഫിനെ

എൽ.ജി (ഹിന്ദി) ഫുൾ ടൈം തസ്തികയിൽ നിയമിച്ചു. ഒഴിവിന്റെ ഉറവിടം പരിശോധിക്കുമ്പോൾ, ശ്രീമതി നിതാ സെബാസ്റ്റ്യന്റെ മാതൃ അദ്ധ്യാപികയായ ശ്രീമതി തൂലിക തങ്കച്ചന് സ്ഥാനക്കയറ്റം നൽകി നിയമിച്ച സെന്റ് ആന്റണീസ് ഹൈസ്കൂൾ വണ്ടന്മേട് ന്യൂ സ്കൂൾ വിഭാഗത്തിലാണ് . ഇവിടെ സംരക്ഷിതദ്ധ്യാപകരെ നിയമിക്കണം. ശ്രീമതി നീതാ സെബാസ്റ്റ്യന്റെ മാതൃ അദ്ധ്യാപികയായ ശ്രീമതി രൂലിക തങ്കച്ചന് സ്ഥാനക്കയറ്റം നൽകി വണ്ടന്മേട് സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിയമിച്ചപ്പോൾ അവിടെ സംരക്ഷിതാദ്ധ്യാപകർക്കായി ഒരു **HST** (ഇംഗ്ലീഷ്) പോസ്റ്റ് **6/6/2019** മുതൽ നീക്കി വച്ചിട്ടുണ്ട്. മാത്രമല്ല ശ്രീമതി. സിനി കെ ജോസഫ് നിയമിച്ചിരിക്കുന്ന എസ്.എച്ച് ഹൈസ്കൂൾ രാമക്കൽമേട്ടിലും സംരക്ഷിതാദ്ധ്യാപകർക്കായി ഒരു എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) **6/6/2019** മുതൽ മാറ്റി വെക്കുകയും രണ്ടു സ്ഥലത്തും സംരക്ഷിതാദ്ധ്യാപകർ ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്. ഒഴിവിന് ആധാരമായവരുടെയും അതിന് താഴെ നിയമിതരായവരുമായ, ശ്രീമതി നിത സെബാസ്റ്റ്യൻ, തൂലിക തങ്കച്ചൻ, റീന ജോസഫ്, സുമി സെബാസ്റ്റ്യൻ എല്ലാം നിയമനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മാനേജരുടെ അപ്പീൽ പരിശോധിച്ചതിൽ ശ്രീമതി. സിനി കെ ജോസഫിന് **01.06.2016** മുതൽ **06.06.2018** വരെ ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിൽ എൽ.ജി(പി.റ്റി) തസ്തികയിൽ അംഗീകൃത സർവ്വീസുണ്ട്.

**7** . സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു പുറപ്പെടുവിച്ച **25/06/2022** തീയതിയിലെ സ.ഉ.(കൈ) നം.**111/2022/GEDN** ഉത്തരവിലെ ഖണ്ഡിക **9** ൽ ഇപ്രകാരമാണ് പരാമർശിച്ചിരിക്കുന്നത്.

"കെ.ഇ.ആർ അദ്ധ്യായം **14** എ ചട്ടം **1 (1)** പ്രകാരവും **43, 51**എ, **51**ബി, അദ്ധ്യായം **24**എ ചട്ടം **9** എ അവകാശികൾക്ക് വിധേയമായി മാത്രവും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തേണ്ടതാണ് എന്നുമാണ് "

**8.** **2018-19** അക്കാദമിക വർഷം തസ്തിക നഷ്ടം മൂലം മാനേജ്മെന്റിലെ ഏറ്റവും ജൂനിയർ പാർട്ട് ടൈം ഹിന്ദി അദ്ധ്യാപിക എന്ന നിലയിൽ പുറത്തായി. അതിനാൽ ടിയാരി റൂൾ **51**എ അവകാശിയാണെന്ന് എന്ന് പൊതുവിദ്യാഭ്യാസ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. സിനി കെ ജോസഫിന്റെ **06.06.2019** മുതലുള്ള

നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കാൻ ഉള്ള നിർദ്ദേശം കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ട് ഉത്തരവാകുന്നു.

മേൽപ്രകാരം കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SUNITHA.S.GEORGE**
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന

പ്രധാനാധ്യാപകൻ, എസ്.എച്ച്.എച്ച്.എസ് രാമക്കൽമേട്, ഇടുക്കി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കാഞ്ഞിരപ്പള്ളി രൂപത, പാസ്റ്ററൽ സെൻറർ കാഞ്ഞിരപ്പള്ളി - **686507**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 11-04-2023 13:13:21